**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **13-02-2025 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപ്പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ചവറ മണ്ഡലത്തിലെ പന്മന, തേവലക്കര, ചവറ ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (ബി) | കേരഗ്രാമം പദ്ധതിയിൽ പഞ്ചായത്ത് സമിതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം നാളീകേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.<br><br>ജൈവവളം, കുമ്മായം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം.<br><br>തെങ്ങിന് മരുന്ന് തളിക്കൽ<br><br>രോഗം ബാധിച്ചതും ഉല്പാദനശേഷി കുറവുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈകൾ നൽകൽ<br><br>ജൈവവള കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്<br><br>തെങ്ങിന് തടമെടുക്കൽ<br><br>ജലസേചന പമ്പ്സെറ്റ് വിതരണം<br><br>ജലസേചന കിണർ സ്ഥാപിക്കൽ<br><br>മിനി പ്രോസസിംഗ് യൂണിറ്റ്<br><br>കേര സമിതികൾക്കുള്ള സാമ്പത്തിക സഹായം |

സെക്ഷൻ ഓഫീസർ